# 14-ാം കേരള നിയമ സഭ

## 10-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1808** **07-03-2018 -ൽ മറുപടിയ്ക്ക്**

**<u>സ്വകാര്യ മെഡിക്കൽ കോളേജുകളിലെ അഡ്മിഷൻ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. പി.കെ ശശി** | | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് സ്വകാര്യ ന്യൂനപക്ഷ മാനേജ്മെന്റുകളുടെയും കല്പിത സർവ്വകലാശാലകളുടെയും മെഡിക്കൽ കോളേജുകൾ എത്ര എണ്ണമുണ്ട്; അവിടെ എത്ര സീറ്റുകൾ വീതമുണ്ട്; അതിൽ സർക്കാർ സീറ്റുകൾ എത്ര; വിവരങ്ങൾ ലഭ്യമാക്കാമോ ; | (എ) | സംസ്ഥാനത്ത് സ്വകാര്യ ന്യൂനപക്ഷ മാനേജ്മെന്റുകളുടെ കീഴിലുള്ള 14 മെഡിക്കൽ കോളേജുകളുടെ പേര് വിവരവും സീറ്റുകളുടെ എണ്ണവും അനുബന്ധമായി നൽകിയിരിക്കുന്നു. സംസ്ഥാനത്തെ ഏക കൽപിത സർവ്വകലാശാലയായ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ 2017-18 ലെ എം.ബി.ബി.എസ് അഡ്മിഷൻ നടത്തിയത് കേന്ദ്ര ഏജൻസിയായതിനാൽ സീറ്റ് വിവരം ലഭ്യമല്ല. |
| (ബി) | പ്രസ്തുത കോളേജുകളിലെ സീറ്റുകളിലേക്കുള്ള പ്രവേശനം സർക്കാർ കൗൺസിലിംഗ് വഴി നടത്തണമെന്ന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ പുതിയ സത്യവാങ്മൂലം വഴി സുപ്രീംകോടതിയെ അറിയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (ബി) | ന്യൂനപക്ഷ കോളേജുകളിലെ മുഴുവൻ സീറ്റുകളിലും 2017-18 വർഷം സർക്കാരാണ് അലോട്ട്മെന്റ് നടത്തിയിട്ടുള്ളത്. പുതിയ സത്യവാങ്മൂലം സംബന്ധിച്ച വിവരം ലഭ്യമല്ല. |

(…..........2)

| | | | |
|---|---|---|---|
| (സി) | എങ്കിൽ പ്രസ്തുത മേഖലയിലെ അഡ്മിഷൻ സുതാര്യമാക്കാൻ ഈ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെന്നും അതുവഴി സംസ്ഥാനത്തു നടന്നുവരുന്ന വിദ്യാഭ്യാസ കച്ചവടം എപ്രകാരം ഇല്ലാതാക്കാൻ കഴിയും എന്നും വ്യക്തമാക്കുമോ; വ്യക്തമാക്കാമോ; | (സി) | സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മുഴുവൻ സീറ്റുകളും സർക്കാർ അലോട്ട്മെൻറിനായി ലഭ്യമാകുന്ന മുഴുവൻ സീറ്റുകളും ഏകീകൃത കൗൺസലിംഗ് വഴി പ്രവേശനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മുഴുവൻ സീറ്റുകളും സർക്കാർ നേരിട്ടു നടത്തുന്ന ഏകീകൃത കൗൺസലിംഗ് വഴി നികത്തപ്പെടുമ്പോൾ വിദ്യാഭ്യാസ കച്ചവടത്തിനുള്ള സാദ്ധ്യത തീരെയില്ലാതാകുന്നതാണ്. |
| (ഡി) | അഖിലേന്ത്യ ക്വോട്ടയിൽ രണ്ടു റൗണ്ടിനുശേഷം ബാക്കി സംസ്ഥാന ക്വോട്ടയിലാക്കാനും അഖിലേന്ത്യാ ക്വാട്ടയിൽ വന്നവർക്ക് ഒഴിവാകാൻ അവസരം അനുവദിക്കാതിരിക്കാനും ഈ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്ത് എന്ന് വ്യക്തമാക്കുമോ; | (ഡി) | അഖിലേന്ത്യ ക്വോട്ടയിലെ രണ്ടാംഘട്ട കൗൺസലിംഗിനു ശേഷം ഒഴിവു വരുന്ന സീറ്റുകൾ അതത് സ്റ്റേറ്റുകൾക്ക് കൈമാറ്റം ചെയ്തു വരാറുണ്ട്. അഖിലേന്ത്യ ക്വോട്ടയിലെ രണ്ടാംഘട്ട അലോട്ട്മെന്റിനു ശേഷം ആ സീറ്റുകളിൽ നിന്നും വിടുതൽ നേടാൻ വിദ്യാർത്ഥികളെ കേന്ദ്ര നിർദ്ദേശ പ്രകാരം അനുവദിക്കാറില്ല. |
| (ഇ) | കൗൺസിലിംഗ് ഘട്ടത്തിൽ തന്നെ ഫീസ് ഈടാക്കി ബന്ധപ്പെട്ട കോളേജുകൾക്ക് അത് കൈമാറാനും എല്ലാ അഡ്മിഷനും സർക്കാർ കൗൺസിലിംഗ് വഴിയാക്കാനും ഈ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ? | (ഇ) | സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മുഴുവൻ സീറ്റുകളും ഉൾപ്പെടെ സംസ്ഥാന സർക്കാരിന് അലോട്ട്മെന്റിനായി ലഭ്യമായ സീറ്റുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ ഏകീകൃത കൗൺസലിംഗ് വഴി പ്രവേശനം നടത്തുമ്പോൾ ഫീസ് ഇനത്തിലുള്ള മുഴുവൻ തുകയും പ്രവേശന പരീക്ഷാകമ്മീഷണർ തന്നെ ഈടാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**

Annexure

| KEAM 2017- Details of Minority Medical colleges | | | |
|---|---|---|---|
| College code | College | Total Seat | Govt. Seat |
| AMC | Amala Institute of Medical Sciences, Amala Nagar, Thrissur | 100 | 100 |
| AZC | Azeezia Institute of Medical Sciences & Research, Meyyannoor P O, Kollam. | 100 | 100 |
| BCM | Believers Church Medical College Hospital, Kuttapuzha, Thiruvalla | 100 | 100 |
| JMC | Jubilee Mission Medical College & Research Institute, Bishop Alappat Road, P B No.737, Thrisur | 100 | 100 |
| KCM | KMCT Medical College, Mukkom, Kozikkode. | 150 | 150 |
| MMC | Malankara Orthodox Syrian Church Medical College, Kolenchery, Ernakulam | 100 | 100 |
| PMC | Pushpagiri Institute of Medical Science & Research Centre, Thiruvalla | 100 | 100 |
| TRM | Travancore Medical College, Mylapore, Umayanalloor P O, Kollam. | 100 | 100 |
| KMM | Karuna Medical College, Vilayodi, Palakkad. | 100 | 100 |
| KNC | Kannur Medical College, Anjarakandy, Mamba P O, Kannur | 100 | 100 |
| EMC | MES Medical College, Perinthalmanna, Malappuram | 100 | 100 |
| SMC | Dr. Somervell Memorial CSI Medical College, Karakonam, Thiruvananthapuram | 150 | 150 |
| AAM | Al Azhar Medical college & Super speciality Hospital, Ezhalloor, Thodupuzha, Idukki. | 150 | 150 |
| MZM | Mount Zion Medical College, Chayalode, Adoor, Pathanamthitta. | 100 | 100 |
| | **Total Seats** | **1550** | **1550** |

Section officer